# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2492 — 19.12.2012-ൽ മറുപടിക്ക്

## റേഡിയോ തെറാപ്പി ബിരുദാനന്തര കോഴ്സുകൾ

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ

(എ) കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ എന്തെല്ലാം ബിരുദാനന്തര പഠനസൗകര്യങ്ങളാണുള്ളതെന്നും ഓരോ മെഡിക്കൽ കോളേജിലും എത്രസീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്കു വിധേയമായി ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്തെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ എം.ഡി., ഡി.എം.ആർ.ടി. എന്നീ ബിരുദാനന്തര കോഴ്സുകളാണുള്ളത് പ്രസ്തുത കോഴ്സുകൾക്ക് ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലുമുള്ള സീറ്റുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| മെഡിക്കൽ കോളേജ് | എം.ഡി. | ഡി.എം.ആർ.ടി. |
|---|---|---|
| തിരുവനന്തപുരം | 3 | 2 |
| കോട്ടയം | 2 | -- |
| തൃശൂർ | 2 | -- |
| കോഴിക്കോട് | 2 | 2 |
| ആലപ്പുഴ | -- | -- |

**(ബി) & (സി)**

ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ചില ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആയവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**(P.T.O)**

| | |
|---|---|
| (ഡി) ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലാണ് ഡി.എം.ആർ.ടി. കോഴ്സുകൾ നടത്തുന്നതെന്നും എത്ര സീറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ഡി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രണ്ട് വീതം സീറ്റുകളാണ് ഡി.എം.ആർ.ടി. കോഴ്സുകൾക്ക് അനുവദിച്ചിട്ടുള്ളത് |
| (ഇ) ഡി.എം.ആർ.ടി. കോഴ്സുകൾ നടത്തുവാനുള്ള സംവിധാനങ്ങളും സജ്ജീകരണങ്ങളും എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജിലും ലഭ്യമാണോ ; | (ഇ) ലഭ്യമാണ്. |
| (എഫ്) പ്രസ്തുത കോഴ്സ് ആരംഭിക്കുവാനുള്ള അനുമതി നൽകേണ്ടത് ഏത് ഏജൻസിയാണെന്നു വ്യക്തമാക്കുമോ ; | (എഫ്) പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകേണ്ടത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആണ്. |
| (ജി) റേഡിയോ തെറാപ്പിയിൽ എം.ഡി. കോഴ്സുകളും ഡി.എം.ആർ.ടി. കോഴ്സുകളും അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും അതിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ? | (ജി) ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.ഡി., റേഡിയോ തെറാപ്പി കോഴ്സ് തുടങ്ങുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**